## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 598

29.11.2018 ൽ മറുപടിക്ക്

### മലപ്പുറം ഗവ: വനിതാ കോളേജിനായി കെ.എസ്.ഐ.ഡി.സി. ഭൂമി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള : | | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | മലപ്പുറം ഗവ: വനിതാ കോളേജിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിലുള്ള കെ.എസ്.ഐ.ഡി.സി. യുടെ അഞ്ചേക്കർ ഭൂമി വിട്ടുകൊടുക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ; | (എ) (ബി) & (സി) | മലപ്പുറം സർക്കാർ വനിതാ കോളേജ് സ്ഥാപിക്കുന്നതിനായി 5 ഏക്കർ ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് സൗജന്യമായി നൽകുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി കെ.എസ്.ഐ.-ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 16/11/2018 ലെ സ.ഉ.(കൈ) നം : 85/2018/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ കോപ്പി അനുബന്ധമായി നൽകിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ വ്യവസായ (ജെ) വകുപ്പ് സ്വീകരിക്കുവാനുള്ള നടപടികൾ വിശദീകരിക്കാമോ ; | | |
| (സി) | കെ.എസ്.ഐ.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത അഞ്ചേക്കർ ഭൂമി കോളേജിനായി വിട്ടുകൊടുത്ത് എന്നത്തേക്ക് ഉത്തരവിറക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായവകുപ്പ് - കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC), ഇൻകിഡിന് (INKID) പാട്ടക്കരാർ വ്യവസ്ഥയിൽ നൽകിയ 243.79 ഏക്കർ ഭൂമിയിൽ നിന്നും മലപ്പുറം സർക്കാർ വനിതാ കോളേജിന് 5 ഏക്കർ ഭൂമി അനുവദിക്കുന്നതിനായി 03/02/2016-ലെ സ.ഉ.(സാധാ)132/2016/വ്യവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.85/2018/വ്യവ** **തിരുവനന്തപുരം, തീയതി :16.11.2018**

---

പരാമർശം: 1. 26/07/2008 ലെ സർക്കാർ ഉത്തരവ് (സാധാ) 836/2008/വ്യവ.
2. 23/02/2013 ലെ സർക്കാർ ഉത്തരവ് (കൈ) 10/2013/വ്യവ.
3. 03/02/2016 ലെ സർക്കാർ ഉത്തരവ് (സാധാ) 132/2016/വ്യവ.
4. 02/03/2016 ലെ സർക്കാർ ഉത്തരവ് (കൈ) 224/2016/റവന്യൂ
5. 26/03/2018 ലെ സർക്കാർ ഉത്തരവ് (കൈ) 122/2018/റവന്യൂ

**ഉത്തരവ്**

കെ.എസ്.ഐ.ഡി.സിയുടേയും ഇൻകലിന്റേയും സംയുക്ത സംരംഭമായ ഇൻകിഡിന് മലപ്പുറത്ത് ഏകദേശം 250 ഏക്കർ ഭൂമി പാട്ടവ്യവസ്ഥയിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. തുടർന്ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം മലപ്പുറത്ത് EFLU വിന്റെ ഓഫ് ക്യാമ്പസ് ആരംഭിയ്ക്കുന്നതിലേക്കായി 243.79 ഏക്കർ ഭൂമിയിൽ നിന്നും 75 ഏക്കർ ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ആയത് പരാമർശം (3) ലെ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

2. ഇൻകിഡിന് പാട്ടവ്യവസ്ഥയിൽ നൽകിയ 243.79 ഏക്കർ ഭൂമിയിൽ നിന്നും 30 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി വീണ്ടെടുത്ത് ആയത് റവന്യൂ വകുപ്പിന് സറണ്ടർ ചെയ്യുവാനും ടി 30 ഏക്കറിൽ നിന്ന് 25 ഏക്കർ ഭൂമി മലപ്പുറം ക്യാൻസർ സെന്ററിനും ബാക്കി 5 ഏക്കർ ഭൂമി മലപ്പുറത്ത് സർക്കാർ വനിതാ കോളേജ് സ്ഥാപിയ്ക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് സൗജന്യമായി നൽകുന്നതിനും, ഇതിലേക്കായി റവന്യൂ വകുപ്പ് പ്രത്യേകം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും പരാമർശം (3) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

3. എന്നാൽ പരാമർശം (4)ലെ ഉത്തരവ് പ്രകാരം പരാമർശം (1)ലെ ഉത്തരവ് റദ്ദാക്കുകയും, തുടർന്ന് പരാമർശം (5) പ്രകാരം പരാമർശം (1)ലെ ഉത്തരവ് സാധൂകരിക്കുകയും ചെയ്തു. ആകയാൽ 03/02/2016 ലെ സ.ഉ.(സാധാ)132/2016/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ഐ.ഡി.സി, ഇൻകിഡിന് പാട്ടവ്യവസ്ഥയിൽ മലപ്പുറത്ത് നൽകിയ 243.79 ഏക്കർ ഭൂമിയിൽ നിന്നും 30 ഏക്കർ ഭൂമി വീണ്ടെടുത്ത് റവന്യൂ വകുപ്പിന് സറണ്ടർ ചെയ്യുന്നതിനും, അതിൽ നിന്ന് 25 ഏക്കർ ഭൂമി മലപ്പുറം ക്യാൻസർ സെന്ററിനും, 5 ഏക്കർ ഭൂമി മലപ്പുറം സർക്കാർ വനിതാ കോളേജ് സ്ഥാപിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് സൗജന്യമായി നൽകുന്നതിനുമുള്ള തീരുമാനം നിലനിൽക്കുന്നു.

4. മലപ്പുറം ക്യാൻസർ സെന്റർ സ്ഥാപിയ്ക്കാനുള്ള തീരുമാനം ഇപ്പോൾ സർക്കാർ ഉപേക്ഷിച്ച സാഹചര്യത്തിൽ പരാമർശം (3)ലെ ഉത്തരവിൽ പറയുന്ന 25 ഏക്കർ ഭൂമി മലപ്പുറം ക്യാൻസർ സെന്ററിന് കൈമാറേണ്ടതില്ല. എന്നാൽ, മലപ്പുറം സർക്കാർ വനിതാ കോളേജ് സ്ഥാപിക്കുന്നതിന് 5 ഏക്കർ ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി നൽകേണ്ടത് അത്യന്താപേക്ഷിതവുമാണ്.

5. മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ***03/02/2016-ലെ സ.ഉ.(സാധാ) 132/2016/വ്യവ. നമ്പർ ഉത്തരവ് താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.***

i. ***മലപ്പുറം ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ ഉപേക്ഷിച്ച സാഹചര്യത്തിൽ 25 ഏക്കർ ഭൂമി മലപ്പുറം ക്യാൻസർ സെന്ററിന് കൈമാറേണ്ടതില്ല.***

ii. ***5 ഏക്കർ ഭൂമി മലപ്പുറം സർക്കാർ വനിതാ കോളേജ് സ്ഥാപിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് സൗജന്യമായി നൽകേണ്ടതാണ്.***

iii. ***കെ.എസ്.ഐ.ഡി.സി.യും ഇൻകിഡ്യുമായി ഏർപ്പെട്ടിട്ടുള്ള പാട്ട വ്യവസ്ഥയിൽ ഭേദഗതി വരുത്തേണ്ടതാണ്.***

6. മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ 5 ഏക്കർ ഭൂമി സർക്കാർ വനിതാ കോളേജ് സ്ഥാപിക്കുന്നതിന്, ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകുവാനായി റവന്യൂ വകുപ്പിന് പ്രസ്തുത ഭൂമി നിക്ഷിപ്തമാക്കേണ്ടതിനുള്ള അടിയന്തിര നടപടി കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**നവീൻ കൃഷ്ണൻ ജി.ഐ**
**അണ്ടർ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC), തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ഇൻകൽ ലിമിറ്റഡ്, ഇൻകൽ ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരളം , തിരുവനന്തപുരം.
ധനകാര്യവകുപ്പ്
റവന്യൂ (എ / എൽ) വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ & പി ആർ ഡി)
വ്യവസായ (ഒ എസ്) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.